(ഇ) 1991-92 മുതൽ 1998-99 വരെ.

(എഫ്) ഉണ്ട്. എന്നാൽ പലതിലും തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതിനാൽ അവ കുറ്റമറ്റ രീതിയിൽ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ജി) പാഴ്ചെലവുകൾ ഉണ്ടായിട്ടില്ല.

(എച്ച്) ബാധകമല്ല.

സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം

78 (834) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലുള്ള സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം ഇപ്പോൾ എത്രയാണെന്ന് അറിയിക്കാമോ ;

(ബി) ആയത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മേല്പറഞ്ഞ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം ഇപ്പോൾ 700 രൂപയാണ്.

(ബി) ഉണ്ട്.

(സി&ഡി) പരിശോധിച്ചുവരുന്നു.

വനിതാ പ്രസിഡന്റുമാരെയും ചെയർമാൻമാരെയും മർദ്ദിച്ച സംഭവം

79 (835) ശ്രീ. വർക്കല കഹാർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിലേയും നഗരപാലികാ സ്ഥാപനങ്ങളിലേയും വനിതാ പ്രസിഡന്റുമാരെയും ചെയർമാൻമാരെയും യോഗം ചേർന്നു കൊണ്ടിരിക്കുമ്പോൾ അംഗങ്ങളും കൗൺസിലർമാരും മർദ്ദിക്കുകയോ, അസഭ്യം പറയുകയോ ചെയ്ത എത്ര സംഭവങ്ങൾ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണഘടനാനുസൃതം അധികാരത്തിൽ വന്ന വനിതാ പ്രസിഡന്റുമാർക്കും ചെയർമാൻമാർക്കും എതിരെ പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളുടെ യോഗം നടക്കുമ്പോഴുണ്ടാകുന്ന ഇത്തരം നടപടികളെ നിരുൽസാഹപ്പെടുത്തുവാൻ എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങളിൽ ഏർപ്പെടുന്ന അംഗങ്ങളെയും കൗൺസിലർമാരെയും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന വിധത്തിൽ നിയമത്തിൽ മാറ്റംവരുത്തുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

മാലിന്യം നിറഞ്ഞ ഓടകൾ വൃത്തിയാക്കാൻ നടപടി

80 (836) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെയും മുനിസിപ്പൽ കോർപ്പറേഷന്റെയും അതിർത്തിക്കുള്ളിലുള്ള ഓടകൾ വൃത്തിയാക്കുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കാറുണ്ടോ ;

(ബി) ഓടകളിലെ മാലിന്യങ്ങൾ നീക്കാത്തതുകാരണം കൊതുക്, എലി, പാറ്റ മുതലായ ക്ഷുദ്ര ജീവികൾ മൂലമുണ്ടാകുന്ന രോഗങ്ങൾ പൊതുവേ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ ;

(ഡി) ഓടകൾ വൃത്തിയാക്കാനും അവയുടെ പൊട്ടിയ സ്ലാബുകൾക്കു പകരം പുതിയ സ്ലാബുകൾ ഇടുവാനും നിർദ്ദേശം നല്കുമോ ;

(ഇ) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ജി. ജി. ആശുപത്രിക്കു മുൻവശമുള്ള മാലിന്യം നിറഞ്ഞ ഓടവൃത്തിയാക്കി അവിടെ ഓടയുടെ തുറന്നു കിടക്കുന്ന ഭാഗത്ത് സ്ലാബുകൾ ഇടുവാൻ ആവശ്യമായ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിക്ക നഗരസഭകളും ശ്രദ്ധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly